പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) ഇപ്പോൾ നടപ്പാക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കാൻ എം.എൽ.എ. മാർ ഉൾപ്പെട്ട ഒരു പതിനഞ്ചംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതി, കർണ്ണാടകം, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ യുവജനക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്. ആറ് നിയമസഭാംഗങ്ങൾ ഉൾപ്പെട്ടതാണ് വിദഗ്ധ സമിതി.

(എഫ്) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി&എച്ച്) ലഭിച്ചിട്ടില്ല.

പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം

29(*209) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുപരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ ക്യാന്റീനുകളിൽ ശുചിത്വം ഇല്ലായ്മമൂലം ക്യാന്റീനുകളിലെ ഭക്ഷണം കഴിച്ച് വിദ്യാർത്ഥികൾ അവശ നിലയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

+ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയ ഹോസ്റ്റലുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അവയുടെ പ്രവർത്തനം നന്നാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ.കെ. രാധാകൃഷ്ണൻ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) പട്ടികജാതി വികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ഹോസ്റ്റലുകളുടെ സ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

(ജി) ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

(എച്ച്) മോഡൽ റസിഡൻഷ്യൻ സ്ക്കൂളുകൾ എല്ലാ ജില്ലകളിലും തുടങ്ങി കഴിഞ്ഞാൽ സൗകര്യമില്ലാത്ത വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കും.

വൈദ്യുതി മേഖലയുടെ പുരോഗതിക്കായി വിദേശ ഏജൻസികളിൽ നിന്നും വായ്പ

30(*210) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയുടെ പുരോഗതിക്കായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നോ മറ്റേതെങ്കിലും വിദേശ ഏജൻസികളിൽ നിന്നോ വായ്പ എടുക്കുന്നതിനായിട്ടുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ANNEXURE

ABSTRACT OF THE RESULT OF SURVEY ON CHILD LABOUR KERALA STATE

		No. of Child Labour employed		
Sl.No.	District	Hazardous	Non-Hazardous	Total
(1)	(2)	(3)	(4)	(5)
1	Thiruvananthapuram	129	1762	1891
2	Kollam	145	1724	1869
3	Pathanamthitta	7	9	16
4	Alappuzha	36	202	238
5	Kottayam	60	125	185
6	Idukki	Nil	4	4
7	Ernakulam	504	3060	3564
8	Thrissur	73	539	612
9	Palakkad	47	67	114
10	Malappuram	Nil	807	807
11	Kozhikode	16	176	192
12	Kannur	Nil	7	7
13	Wayanad	15	237	252
14	Kasaragode	49	267	316
	Total	1081	8986	10067

അനുബന്ധം II

[29-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 28(*208) ദയവായി കാണുക]

1. ശ്രീ. എം.വി. ജയരാജൻ എം.എൽ.എ. - ചെയർമാൻ
2. ശ്രീ. ജോസ് ബേബി എം.എൽ.എ.
3. ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.

5. ശ്രീ. എം. കെ. മുനീർ എം.എൽ.എ.

6. ശ്രീ. എം. നാരായണൻ (കുഴൽമന്ദം) എം.എൽ.എ.

7. അഡ്വ.വി. ബാലചന്ദ്രൻ, പ്രസിഡന്റ്, കേരള സ്പോർട്ട്സ് കൗൺസിൽ.

8. ശ്രീ. റ്റി. ശശിധരൻ, വൈസ് ചെയർമാൻ, കേരള യൂത്ത് വെൽഫയർ ബോർഡ്

9. ശ്രീമതി പാർവതീദേവി, സുഭാഷ് നഗർ, തിരുവനന്തപുരം

10. ശ്രീമതി സുധാദേവി, രചന, എറണാകുളം.

11. ശ്രീ. ജെ. മധുസൂദനൻ പിള്ള

12. ശ്രീ. എ. ജലാലുദീൻ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ഡോ. ജി. കിഷോർ, മെമ്പർ സെക്രട്ടറി, കേരള യൂത്ത് വെൽഫയർ ബോർഡ്

(മെമ്പർ സെക്രട്ടറി)

അനുബന്ധം III

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3(906) ദയവായി കാണുക]

പ്രത്യേക ഘടക പദ്ധതിയിലും, പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഈ സാമ്പത്തിക വർഷത്തിൽ 31-12-1999 വരെ ചെലവാക്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

ക്രമ നമ്പർ	ചെലവാക്കിയ പദ്ധതിയുടെ പേര്	പ്രത്യേക ഘടകപദ്ധതി	പട്ടികവർഗ്ഗ ഉപപദ്ധതി
(1)	(2)	(3)	(4)
1.	വനം (വികസനം)	ഇല്ല	0.06
2.	വനം (വന്യജീവി സംരക്ഷണം)	ഇല്ല	0.03
3.	ഗ്രാമവികസനം		
	1. സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന	0.43	0.01

LIBRARY ARCHIVES Kerala Legislative Assembly